*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

128th Issue - Volume 4, No. 9 ജാഗ്രത 15th March 2010

********

## "If we cannot love the person whom we see, how can we love God, whom we cannot see?"

MOTHER TERESA

********



BLESSED MOTHER TERESA

## പ്രധാന വാർത്തകൾ

മലയോരജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കണം:
കെ.സി.ബി.സി

---

സർക്കാരുമായി വിദ്യാഭ്യാസ ചർച്ച: സഭ വീഴ്ചവരുത്തിയിട്ടില്ലെന്ന് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

---

ഭരണഘടനാവിരുദ്ധ വകുപ്പുകൾ പിൻവാതിലിലൂടെ നടപ്പിലാക്കാൻ ശ്രമം:
കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ

---

സാമൂഹ്യ രംഗത്തേക്ക് സ്ത്രീകളുടെ കടന്നുവരവ് കൂടുതൽ ഉൾവെളിച്ചം പകരും: മാർ തോമസ് ചക്യത്ത്

---

ബജറ്റ് പ്രഖ്യാപനം ക്രൈസ്തവരെ അവഹേളിക്കാൻ:
മാർ ജോർജ് പുന്നക്കോട്ടിൽ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## മലയോരജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കണം: കെസിബിസി

സ്വന്തം ഭൂമിയിൽ കൈയേറ്റക്കാരെന്ന ദുഷ്പേരും പേറി പ്രവാസികളെ പോലെ ജീവിക്കുന്ന ഇടുക്കിയിലെ മലയോര കർഷകരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി. മലയോര കർഷകരുടെ ഇന്നത്തെ പ്രശ്നങ്ങൾക്ക് അടിസ്ഥാന കാരണം ഇടതുപക്ഷ സർക്കാരിന്റെ അനാസ്ഥയും രാഷ്ട്രീയക്കാരുടെ സ്ഥാപിത താത്പര്യങ്ങളും ഉദ്യോഗസ്ഥ മേധാവികളുടെ തെറ്റിദ്ധാരണകളും തെറ്റായ നടപടികളുമാണ്. നാനൂറിലേറെ വർഷത്തെ ചരിത്രമുള്ള മലയോര ജനത നിലനിൽപ്പിനായി സംസ്ഥാന സർക്കാരിനെതിരേ പ്രക്ഷോഭത്തിലേക്ക് നീങ്ങേണ്ട അവസ്ഥയാണ്. 1968നു മുൻപ് കൃഷിക്കാർക്കു പതിച്ചു നല്കുന്നതിനായി റവന്യൂവകുപ്പിനു കൈമാറിയ ഭൂമിക്ക് 1964ലെ ഭൂപതിവ് ചട്ടങ്ങൾക്കു കീഴിൽ പട്ടയം നല്കുക, 1.1.1977 മുൻപ് കുടിയേറിയ എല്ലാ കർഷകർക്കും ഉപാധികളില്ലാതെ പട്ടയം നല്കുക, 1993ലെ വനഭൂമിയിലെ കുടിയേറ്റം ക്രമീകരിക്കൽ ചട്ടങ്ങളിലെ ഭൂമി കൈമാറ്റം തടയുന്ന 15-ാം ചട്ടം മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യുക, മലയോര മേഖലയിലെ മുഴുവൻ ഭൂമിയും സർവേ നടത്തി റവന്യൂ സെറ്റിൽമെന്റ് നടത്തുക, സിഎച്ച്ആർ കേസിൽ സുപ്രീം കോടതിയിൽ നല്കിയ സത്യവാങ് മൂലത്തിലെ പിഴവുകൾ തിരുത്തി കേസ് കർഷകർക്കനുകൂലമായി തീർപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കണം. മലയോര മേഖലയെ അതീവ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കണമെന്നും ഭൂമി കൈമാറ്റവും നിർമാണ പ്രവർത്തനങ്ങളും നിരോധിക്കണമെന്നുമുള്ള റവന്യൂ പ്രിൻസിപ്പിൽ സെക്രട്ടറിയുടെ റിപ്പോർട്ട് തിരുത്തുക, കർഷക വിരുദ്ധമായ മുഴുവൻ നിയമങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുക, പാരമ്പര്യസ്വത്തായി കിട്ടിയ ഭൂമിയിൽ അന്തസായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾക്കും പരിഹാരം ആവശ്യമാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നു കെസിബിസി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## സർക്കാരുമായി വിദ്യാഭ്യാസ ചർച്ച: സഭ വീഴ്ചവരുത്തിയിട്ടില്ലെന്ന് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ



വിദ്യാഭ്യാസ മേഖലയിലെ പ്രശ്നപരിഹാരത്തിനുള്ള ചില നിർദേശങ്ങൾ സഭ നേരത്തെ മുന്നോട്ടുവച്ചെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്ന് തുടർനടപടികൾ ഉണ്ടായില്ലെന്ന് മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. ഇക്കാര്യത്തിൽ സഭയുടെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. സർക്കാരുമായി തുടർന്നും ക്രിയാത്മക ചർച്ചയ്ക്ക് സഭ സന്നദ്ധമാണ്. സർക്കാരുമായി കരാർ ഒപ്പുവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ പുതിയ കോഴ്സുകൾ അനുവദിക്കൂ എന്ന നിലപാടുകൊണ്ട് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് കരുതുന്നില്ലെന്നും കാതോലിക്കാ ബാവ ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസ മേഖലയിൽ പുതിയ മാറ്റങ്ങളും പരിഷ്കാരങ്ങളും കൊണ്ടുവരുമ്പോൾ തുറന്ന ചർച്ചയും അഭിപ്രായ സമന്വയവും ആവശ്യമാണ്. മുമ്പത്തെ അപേക്ഷിച്ച് ചർച്ച ആവശ്യമാണെന്ന ഒരു ബോധ്യമെങ്കിലും ഇപ്പോൾ സർക്കാരിന് ഉണ്ടായിട്ടുണ്ട്. ഇത് പ്രശ്നപരിഹാരത്തിനുള്ള അനുകൂല സാഹചര്യമായാണ് കാണുന്നത്. പ്രവേശന പരീക്ഷകളിൽ സുതാര്യമായ മാർഗം സ്വീകരിക്കുന്നതിനെ സഭ സ്വാഗതം ചെയ്യുന്നു. അപാകതയുണ്ടെങ്കിൽ പരിഹരിക്കണം. സർക്കാരുമായി സംഘട്ടനമില്ലാതെ യോജിച്ചു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകണമെന്നാണ് ആഗ്രഹം. അതുപോലെതന്നെ സുതാര്യമായ ഒരു പ്രവേശനരീതിക്കൊപ്പം പഠനത്തിന് എല്ലാവർക്കും സാഹചര്യവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അവസരവും ഉണ്ടാകണമെന്നാണ് സഭയുടെ ആഗ്രഹവും നിലപാടും. നിർഭാഗ്യവശാൽ ഇത് ഇവിടെ സാധ്യമാകുന്നില്ല. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുഴുവൻ കുട്ടികളുടേയും

പഠനച്ചെലവ് ഒരു വിഭാഗത്തിന്റെ മാത്രം ചുമലിൽകെട്ടിവയ്ക്കുന്നത് ശരിയല്ല- അദ്ദേഹം പറഞ്ഞു.

### ഭരണഘടനാവിരുദ്ധ വകുപ്പുകൾ പിൻവാതിലിലൂടെ നടപ്പിലാക്കാൻ ശ്രമം: കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ

ഭരണഘടനാവിരുദ്ധമെന്നു കണ്ടെത്തി കോടതി റദ്ദു ചെയ്ത സ്വാശ്രയ വിദ്യാഭ്യാസനിയമത്തിലെ വകുപ്പുകൾ ഇപ്പോഴും ബലംപ്രയോഗിച്ചു പിൻവാതിലിലൂടെ നടപ്പാക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നതെന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ. സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവി നിർണയിക്കാനുള്ള മാനദണ്ഡങ്ങളിൽ ഈ വകുപ്പുകൾ ഉൾപ്പെടുത്തിയത് റദ്ദാക്കി മന്ത്രി ഉത്തരവു പുറപ്പെടുവിച്ച് അസംബ്ലിയിൽ അറിയിച്ചെങ്കിലും മറ്റു മേഖലകളിലെല്ലാം വിദ്യാഭ്യാസ വകുപ്പിന്റെ സമാനമായ ഉത്തരവുകൾ നിലനിൽക്കുകയാണ്. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ അമ്പതു ശതമാനം സീറ്റുകളിൽ സർക്കാർ നല്കുന്ന ലിസ്റ്റിൽ നിന്നു വിദ്യാർഥികളെ പ്രവേശിപ്പിച്ചുകൊള്ളാമെന്നുള്ള കരാർ ഒപ്പിട്ടാൽ മാത്രമേ അഫിലിയേഷൻ തുടർന്നു നല്കുകയുള്ളുവെന്ന എം.ജി. യൂണിവേഴ്സിറ്റിയുടെ ഉത്തരവ് അതുപോലെതന്നെ ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷവിരുദ്ധവും കോടതിവിധികൾക്കെതിരുമാണ്. കോളേജുകളിൽ നടക്കുന്ന സ്വാശ്രയ കോഴ്സുകൾ തുടർന്നു നടത്തണമെന്നുണ്ടെങ്കിലും ഇതുപോലെ ഭരണഘടനാവിരുദ്ധവും കോടതിവിധികൾക്കു വിരുദ്ധവുമായ കരാറുകൾ ഒപ്പുവയ്ക്കണമെന്ന ഉത്തരവും പിൻവലിക്കേണ്ടതാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ പ്രഫഷണൽ കോളജുകൾ ഭരണഘടനാവിരുദ്ധമായ കരാർ ഒപ്പുവയ്ക്കാൻ തയാറാകാത്ത സാഹചര്യത്തിൽ അവയുടെ അഫിലിയേഷൻ റദ്ദുചെയ്തത് പുനസ്ഥാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി അസംബ്ലിയിൽ പ്രസ്താവിച്ചുവെങ്കിലും നടപ്പിലാക്കിയില്ല. കോടതി വിധികളിലൂടെയാണ് ഈ പീഡനം മറികടന്നത്. ഇപ്പോഴും സമാനമായ ഉത്തരവുകൾ യൂണിവേഴ്സിറ്റികൾ പുറപ്പെടുവിക്കുന്നത് ഖേദകരമാണ്. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനത്തിൽ 50% അധ്യാപകരെ പ്രൊട്ടക്റ്റഡ് അധ്യാപകരിൽ നിന്നു നിയമിക്കണമെന്ന ഉത്തരവും ന്യൂനപക്ഷ എയ്ഡഡ് കോളജുകളിലെ പ്രിൻസിപ്പൽ നിയമനം അംഗീകരിക്കാത്തതും ഇതുപോലെ തന്നെ ഭരണഘടനാവിരുദ്ധവും അംഗീകരിക്കാനാവാത്തതുമായ നിലപാടുകളാണ്. സർക്കാരിന്റെ ജനാധിപത്യ വിരുദ്ധവും ന്യൂനപക്ഷവിരുദ്ധവുമായ നീക്കങ്ങൾക്കെല്ലാം പരിഹാരം തേടി കോടതിയിൽ പോയി സമയവും സമ്പത്തും നഷ്ടപ്പെടുത്തേണ്ട ഗതികേടിലാണ് ഇവിടത്തെ ന്യൂനപക്ഷങ്ങൾ. കേവല വാഗ്ദാനങ്ങൾക്കുപകരം പീഡനങ്ങൾക്ക് അറുതി വരുത്താൻ സർക്കാർ തയാറാകണം: കമ്മീഷൻ ആവശ്യപ്പെട്ടു.

### സാമൂഹ്യ രംഗത്തേക്ക് സ്ത്രീകളുടെ കടന്നുവരവ് കൂടുതൽ ഉൾവെളിച്ചം പകരും: മാർ തോമസ് ചക്യത്ത്



സാമൂഹിക സാംസ്ക്കാരിക രംഗത്തേക്ക് സ്ത്രീകൾ കൂടുതൽ കടന്നുവരുന്നതിലൂടെ ആ മേഖലകളിൽ അഴിമതിയും അനീതിയും ഒഴിവാക്കി പുതിയ ഉൾവെളിച്ചം പകരാനാവുമെന്ന് എറണാകുളം- അങ്കമാലി സഹായ മെത്രാൻ മാർ തോമസ് ചക്യത്ത്. വെൽഫയർ സർവീസസിന്റെ ആഭിമുഖ്യത്തിൽ വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ആഗോളതാപനത്തിനെതിരെ വീട്ടമ്മമാർ എന്ന പദ്ധതിയുടെ എറണാകുളം അതിരൂപതാ തല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിരൂപതയിലെ എല്ലാ ദേവാലയ മുറ്റങ്ങളിലും വീട്ടുമുറ്റങ്ങളിലും മരങ്ങൾ വളർത്തുന്നതിനുള്ള പദ്ധതി തയാറാക്കിവരുന്നതായും അദ്ദേഹം അറിയിച്ചു. വീട്ടമ്മമാർക്കുള്ള വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. റവ. ഡോ.പോൾ തേനായൻ അധ്യക്ഷത വഹിച്ചു. ഭാരത്മാതാ കോളജ് പ്രിൻസിപ്പൽ പ്രഫ. ലാലിയമ്മ ജോസ് വനിതാദിന സന്ദേശം നൽകി. സ്ത്രീ ശാക്തീകരണം എന്നാൽ പുരുഷന്മാരോടുള്ള മത്സരം എന്നല്ല അർഥമാക്കേണ്ടതെന്ന് അവർ പറഞ്ഞു. എറണാകുളം- അങ്കമാലി അതിരൂപത യുവജന

കോ-ഓർഡിനേറ്റർ സി. ജ്യോത്സ്ന, വെൽഫയർ സർവീസസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ.പോൾ ചെറുപിള്ളി, വെസ്കോ ക്രെഡിറ്റ് ജനറൽ മാനേജർ ജോസ് സെബാസ്റ്റ്യൻ, റീജ്യണൽ ഓഫീസർ എത്സി ആന്റണി എന്നിവർ സംസാരിച്ചു.

## ബജറ്റ് പ്രഖ്യാപനം ക്രൈസ്തവരെ അവഹേളിക്കാൻ: മാർ ജോർജ് പുന്നക്കോട്ടിൽ



കൊന്തയ്ക്കും കുർബാന കുപ്പായത്തിനും നികുതി ഇളവ് നൽകുമെന്ന സംസ്ഥാന ബജറ്റ് പ്രസംഗം ക്രൈസ്തവരെ കളിയാക്കുന്നതിനാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നെന്ന് സിബിസിഐ വൈസ് പ്രസിഡന്റും കോതമംഗലം രൂപതാധ്യക്ഷനുമായ മാർ ജോർജ് പുന്നക്കോട്ടിൽ. മുതലക്കോടത്ത് എകെസിസി രൂപത സംഗമത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കൊന്തയും തിരുവസ്ത്രവും അതാത് പ്രദേശത്തെ സന്യാസിനികളും വിശ്വാസികളും കൈത്തൊഴിലായി നിർമിക്കുന്നതാണ്. ഇതിന് നികുതിയിളവ് പ്രഖ്യാപിച്ച ധനമന്ത്രിയുടെ പ്രസ്താവനയ്ക്ക് പ്രസക്തിയെന്താണെന്നും ബിഷപ് ചോദിച്ചു. സാക്ഷര കേരളത്തിന്റെ പുരോഗതിയ്ക്ക് 19 ശതമാനം വരുന്ന ക്രൈസ്തവരാണ് നിർണായക പങ്ക് വഹിച്ചത്. അമേരിക്കൻ നിലവാരമുള്ള ചികിത്സാ സൗകര്യം കേരളത്തിലും സാധ്യമാക്കിയത് ക്രൈസ്തവരാണ്. ക്രൈസ്തവരെ ഒറ്റപ്പെടുത്താനും അവഗണിക്കാനും സർക്കാർ ഇത്രയും വ്യഗ്രത കാണിക്കുന്നത് എന്തിനാണെന്ന് മനസിലാകുന്നില്ലെന്നും ബിഷപ് പറഞ്ഞു. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത സംഗമം എകെസിസി സംസ്ഥാന പ്രസിഡന്റ് ജോസഫ് മണ്ണിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സർക്കാർ പുതിയ നിയമം കൊണ്ടുവന്ന് പാരിസ്ഥിതിക പ്രശ്നമുയർത്തി കർഷകരെ ദ്രോഹിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഭൂമാഫിയയെ രക്ഷിക്കാൻ കർഷകരെ സർക്കാർ ബലിയാടാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ട്രഷററും രൂപത പ്രസിഡന്റുമാരായ അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് ഓലിയപ്പുറം, ജിബോയിച്ചൻ വടക്കൻ, ഫാ. ജോസഫ് കോയിക്കക്കുടി, സിസ്റ്റർ ഗ്ലാഡി, എം. മാത്തപ്പൻ, സിസ്റ്റർ മേഴ്സി കുര്യൻ, ജോസുകുട്ടി മാടപ്പിള്ളിൽ, റോയ്സൺ കുഴിഞ്ഞാലിൽ, ഡോ. ലിസി ജോസ്, ഷാജി ഓലിക്കൽ, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു. സിബിസിഐ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മാർ ജോർജ് പുന്നക്കോട്ടിലിന് സംഗമത്തിൽ സ്വീകരണം നൽകി. 'സഭയിൽ അത്മായരുടെ വിളിയും ദൗത്യവും' എന്ന വിഷയത്തിൽ വികാരി ജനറാൾ മോൺ. ഫ്രാൻസിസ് ആലപ്പാട്ടും 'സഭയും അത്മായ നേതൃത്വത്തിന്റെ സാധ്യതകൾ' എന്ന വിഷയത്തിൽ റവ. ഡോ. ജോർജ് ഓലിയപ്പുറവും ക്ലാസ് നയിച്ചു. പത്രപ്രവർത്തകൻ ടി.സി മാത്യു, പ്രഫ. ജോസുകുട്ടി ഒഴുകയിൽ എന്നിവർ മോഡറേറ്റർമാരായിരുന്നു. എകെസിസി പ്രവർത്തന രൂപരേഖ മാത്യു ജെ. ചാലിൽ അവതരിപ്പിച്ചു.

*************


JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA